ശ്രീ. വയലാർ രവി : ഒഴിവുകളുണ്ടാകുന്നതനുസരിച്ചു യാതൊരു കാലതാമസവും വരുത്താതെ അപ്പപ്പോൾ പി. എസ്. സി. യോട് ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ സഹകരിച്ചുകൊണ്ട് പി. എസ്. സി. യും ഒഴിവുകൾ കഴിയുംവേഗം നികത്തുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുതരുന്നുണ്ട്. പക്ഷെ ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞ വളരെ കാതലായ, സാമുദായികസംവരണമെന്ന പ്രശ്നം പാലിച്ചുകൊണ്ടു മാത്രമേ ഗവൺമെൻറിന് ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇത്തരത്തിൽ റിക്രൂട്ടുമെൻറ് നടത്തുന്നതിനിടയിലുണ്ടായ വാർത്താപ്രാധാന്യമുള്ള ഒരു വിഷയത്തെക്കുറിച്ചാണ് പറയുന്നത്. പോലീസ് റിക്രൂട്ട്മെൻറിനുവന്ന പതിനായിരക്കണക്കിന് ചെറുപ്പക്കാർ തൃശൂർ മൈതാനിയിൽ വെയിലും മഞ്ഞുമേറ്റു നിന്ന് ഒടുവിൽ ലാത്തി കയ്യിലെടുക്കാൻ വന്ന നിരവധി ചെറുപ്പക്കാർക്ക് ലാത്തിയടിയേറ്റു പരിക്കുപറ്റി ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ഇത്തരം അശാസ്ത്രീയമായ റിക്രൂട്ട്മെൻറ് സമ്പ്രദായം അവസാനിപ്പിക്കുമോ ? എത്ര ആളുകളെ ആവശ്യമുണ്ടോ അതിനനുസരിച്ച് ജില്ലാതലത്തിൽ റിക്രൂട്ടുമെൻറ് നടത്തുന്നതിനാവശ്യമായ നടപടി ഇതിനോടനുബന്ധിച്ചെങ്കിലും സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചതാണ്. കേരളാപോലീസ് റിക്രൂട്ടുമെൻറിൽ ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല.

ശ്രീമതി. കെ. ആർ. ഗൗരി : പോലീസിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴിയും ജനറലായിട്ടും കുറെ ആളുകളെ സെലക്ഷൻ ചെയ്തിട്ടുണ്ട്. ഈ രണ്ടു വിഭാഗത്തിലുമുള്ള സെലക്ഷൻ ചെയ്ത പല ആളുകളേയും എടുത്തിട്ടില്ല. ഇതിന് പോലീസ് വെരിഫിക്കേഷനുണ്ടോ ? അതോ പ്രത്യേകമായി വേറെ എന്തെങ്കിലും കാരണമുണ്ടോ ?

ശ്രീ. വയലാർ രവി : സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തിയിട്ടുള്ളത് ഷെഡ്യൂൾഡ് കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബ്സിനുവേണ്ടിയാണ്. ജനറൽ ലിസ്റ്റും വേറെയുമുണ്ട്. പി. എസ്. സി. യുടെ മെറിറ്റ ലിസ്റ്റനുസരിച്ച് 6,594 പേരുടേയും ഷെഡ്യൂൾഡ്കാസ്റ്റിൽപ്പെട്ട 863 പേരുടേയും ഷെഡ്യൂൾഡ്ട്രൈബിൽപ്പെട്ട 8 പേരുടേയും ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. ഗവൺമെൻറിന് ഇങ്ങോട്ട് പേര് അഡ്വൈസ് ചെയ്യുകയല്ലാതെ ആരെ തരണമെന്ന് പറയാൻ ഗവൺമെൻറിന് അവകാശമില്ല. അങ്ങനെ തരുന്നവരെ വെരിഫിക്കേഷൻ നടത്താറുണ്ട്. വല്ല കേസോ മറ്റോ ഉള്ള കാര്യങ്ങളിലല്ലാതെ മറ്റ് തരത്തിൽ ആരെയും പുറത്ത് നിർത്താൻ ശ്രമിക്കുന്നില്ല. ശ്രീമതി ഗൗരിയമ്മ പറഞ്ഞ കാര്യം പരിശോധിക്കാം.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിഭജനം

* 152. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, രാഘവൻ പൊഴക്കടവിൽ :
,, ജി. കാർത്തികേയൻ :
,, കെ. സി. ജോസഫ് :
,, കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിഭജിക്കുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) ഇല്ല.

ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പർച്ചെയ്സും ഡിസ്ട്രിബ്യൂഷനും കുറച്ചുകൂടി ഫലപ്രദമാക്കിത്തീർക്കാൻ ജില്ലാ തലത്തിൽത്തന്നെ അതിനുള്ള സംവിധാനമുണ്ടാക്കാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ജില്ലാതലത്തിലല്ല, റീജിയണൽ ലവലിലാണ് അതിന്റെ ശാഖകൾ പ്രവർത്തിക്കുന്നത്. 4 റീജിയണിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ജില്ലാതലത്തിലല്ലാത്തതുകൊണ്ട് സാധനങ്ങൾ കൃത്യസമയത്ത് ബന്ധപ്പെട്ട സ്റ്റോറുകളിൽ എത്തിച്ചുകൊടുക്കാൻ കാലതാമസം വരുമെന്നുള്ളത് ഒരു വസ്തുതയാണ്. ആഴ്ചകൾ തന്നെ കഴിഞ്ഞാണ് ആവശ്യമായ സാധനങ്ങൾ ബന്ധപ്പെട്ട സ്റ്റോറുകളിൽ എത്തുന്നത്. അതുകൊണ്ട് ജില്ലാതലത്തിലോ അല്ലെങ്കിൽ സാധനങ്ങൾ അപ്പപ്പോൾ സ്റ്റോറുകളിൽ എത്തിക്കാനോ വേണ്ട സംവിധാനങ്ങൾ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാക്കുമോ ?

ശ്രീ. യു. എ. ബീരാൻ : കഴിയുന്നതും വേഗം സാധനങ്ങൾ എത്തിച്ചുകൊടുക്കണമെന്നുള്ള നിർദ്ദേശം നിലവിലുണ്ട്. അതനുസരിച്ചു അടിയന്തിരമായി സാധനങ്ങൾ ആവശ്യമായ സ്ഥലങ്ങളിലെത്തിച്ചുകൊടുക്കുന്നുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിഭജിക്കാൻ പോകുന്നെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാർ വെള്ളാനകളായി മാറുകയാണ്. അതുകൊണ്ട് ഈ സ്ഥിതി മാറ്റി സമൂഹത്തിന് ഗുണകരമായി പ്രവർത്തിക്കുന്നതിനുവേണ്ടി 3 സോണുകളായി തിരിച്ചു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഈ കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാരാരും വെള്ളാനകളല്ല. ബഹുമാനപ്പെട്ട മെമ്പർ 3 സോണുകളാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്പോഴത്തെ 4 സോണുകളായിട്ടാണ് പ്രവർത്തിക്കുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സോണുകൾ ബൈഫർക്കേറ്റ് ചെയ്തിട്ട് വകുപ്പുകളായി തിരിക്കണമെന്നാണ് പറഞ്ഞത്. സംസ്ഥാനത്ത് ഇപ്പോൾ സിവിൽസപ്ലൈസ് കോർപ്പറേഷനിൽ ഹെൽപ്പറായിട്ട് എത്ര പേരുണ്ട് ? അവരിൽ എത്രപേരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. യു. എ. ബീരാൻ : 752 ഹെൽപ്പർമാരുണ്ട്. അതിൽ 80 പേരെയൊഴിച്ച് ബാക്കിയെല്ലാ പേരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 80 പേർ ടെമ്പററിയായിട്ട് വർക്ക് ചെയ്യുന്നുണ്ട്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ എത്ര ഡിപ്പോകൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ട് ; പുതുതായി ഡിപ്പോകൾ തുറക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : 63 യൂണിറ്റ് ഡിപ്പോകളുണ്ട്. അതിനുപുറമേ 171 ഡിപ്പോകളും 168 മാവേലി സ്റ്റോറുകളും 3 മൊബൈൽ മാവേലി സ്റ്റോറുകളും ഉണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : പുതുതായി ഡിപ്പോകളും തുടങ്ങാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : പുതുതായി ഡിപ്പോകളും തുടങ്ങണമെന്ന് പല ബഹുമാനപ്പെട്ട മെമ്പർമാരും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആവശ്യമനുസരിച്ച്, സാമ്പത്തിക സ്ഥിതി പരിഗണിച്ച് അതിനുള്ള അനുവാദം നൽകുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 158-ും ഇതേ വിഷയമായതിനാൽ അതിന്റെ ഉത്തരംകൂടി പറയാവുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ

* 158 ശ്രീ. എം. വി. രാഘവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, കെ. മുസ്സക്കുട്ടി :
,, സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിറുത്തലാക്കുന്നതിന് ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പൊതുമേഖലയിൽ പകരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി : (ശ്രീ. യു. എ. ബീരാൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. വി. രാഘവൻ : സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിതരണ സമ്പ്രദായം പ്രൈവറ്റ് മേഖലക്ക് കൂടുതൽ കൂടുതൽ കൊടുക്കുന്നതും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തന്നെ പ്രവർത്തനം നിശ്ചലമാക്കുന്ന സ്ഥിതിയിലായിരിക്കുന്നുവെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങൾ സ്വകാര്യമേഖലയിലേക്ക് വിതരണം ചെയ്യാൻവേണ്ടി നൽകുന്നില്ല.

ശ്രീ. എം. വി. രാഘവൻ : സഹകരണസംഘങ്ങൾക്കുള്ള വിതരണ ഏജൻസികളെ മാറ്റിയിട്ട് സ്വകാര്യമേഖലക്കാണു ഇപ്പോൾ കൊടുത്തുവരുന്നത്. അപ്പോൾ സ്വകാര്യമേഖലയ്ക്ക് നൽകുന്നില്ലായെന്ന് പറയുന്നത് ശരിയാണോ ?

ശ്രീ. യു. എ. ബീരാൻ : ഞാൻ പറഞ്ഞു കഴിഞ്ഞു. സഹകരണസംഘങ്ങളിൽപ്പെട്ടതുമാറ്റി സ്വകാര്യവ്യക്തികൾക്കു നൽകുന്നില്ല. ചില സ്ഥലങ്ങളിൽ പുനർവിളജനം നടത്തുമ്പോൾ ചില ഷോപ്പുകൾ അവർ നടത്തുന്നതു കൂടി അമാൽഗമേറ്റ് ചെയ്യേണ്ടതായി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly